പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 205

# 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 205

# 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ

599/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 205

# 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ബിൽ

പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും, പ്രവാസി കേരളീയരുടെ ഗുണത്തിനായി അവരുടെ കമ്പനികളോ, സഹകരണസംഘങ്ങളോ, സംഘങ്ങളോ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളോ പ്രൊമോട്ട് ചെയ്യുന്നതിനും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനും പ്രവാസി കേരളീയരുടെ ഗുണത്തിനായി അവരുടെ കമ്പനികളോ സഹകരണ സംഘങ്ങളോ, സംഘങ്ങളോ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളോ പ്രൊമോട്ട് ചെയ്യുന്നതിനുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ബോർഡ്" എന്നാൽ 8-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്നർത്ഥമാകുന്നു ;

(ബി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 11-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു ;

(സി) "കമ്പനി" എന്നാൽ ആക്റ്റിലെ 13-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്കായി, 1956-ലെ കമ്പനികൾ ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത ഒരു കമ്പനി എന്നർത്ഥമാകുന്നു ;

(ഡി) "അംശദായം" എന്നാൽ ആക്റ്റിലെ 4-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു ;

(ഇ) "സഹകരണ സംഘം" എന്നാൽ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21-ാം ആക്റ്റ്) പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘം എന്നർത്ഥമാകുന്നു ;

(എഫ്) "കല്പിത അംഗം" എന്നാൽ കേരളത്തിലേക്ക് മടങ്ങിവന്ന കാരണത്താൽ അംഗത്വം അവസാനിക്കുകയും എന്നാൽ ആക്റ്റിലെ 7-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം പെൻഷൻ ഫണ്ടിലേക്ക് അശദായം തുടർച്ചയായി നൽകിക്കൊണ്ടിരിക്കുന്നതുമായ ഒരു പ്രവാസി കേരളീയൻ എന്നർത്ഥമാകുന്നു ;

(ജി) "അശ്രിതൻ" എന്നാൽ നിധിയിലെ ഒരംഗത്തിന്റെ കുടുംബാംഗവും, കുടുംബത്തിന്റെ അഭാവത്തിൽ, അംഗത്തിന്റെ പ്രായപൂർത്തിയായ സഹോദരന്മാരും അവിവാഹിതരായ സഹോദരിമാരും എന്നർത്ഥമാകുന്നു ;

(എച്ച്) "കുടുംബം" എന്നാൽ,—

(1) ഭാര്യയും/ഭർത്താവും, ദത്തെടുത്ത കുട്ടികൾ ഉൾപ്പെടെ പ്രായപൂർത്തിയാകാത്ത മകനും, അവിവാഹിതയോ അല്ലെങ്കിൽ വിധവയോ ആയ മകളും ;

(2) അംഗത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന അച്ഛനും, അമ്മയും, അവിവാഹിതയായ സഹോദരിയും, പ്രായപൂർത്തിയാകാത്ത സഹോദരനും, അങ്ങനെയുള്ള ആശ്രിതരുടെ അഭാവത്തിൽ, പ്രായപൂർത്തിയായ മകനും വിവാഹിതയായ മകളും എന്നർത്ഥമാകുന്നു ;

(ഐ) "നിധി" എന്നാൽ ആക്റ്റിലെ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട "പ്രവാസി കേരളീയരുടെ ക്ഷേമനിധി" എന്നർത്ഥമാകുന്നു ;

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(കെ) "കേരളീയൻ" എന്നാൽ കേരള സംസ്ഥാനത്ത് ജനിച്ചതോ അല്ലെങ്കിൽ സ്ഥിരതാമസമാക്കിയതോ ആയ ഒരാൾ എന്നർത്ഥമാകുന്നതും അങ്ങനെയുള്ള ആളുടെ ഭാര്യയും/ഭർത്താവും അവരുടെ മുതിർന്ന കുട്ടികളും ഉൾപ്പെടുന്നതുമാകുന്നു ;

വിശദീകരണം:—കേരളത്തിന് പുറത്ത് ജനിച്ചതും മൂന്ന് വർഷത്തിൽ കുറയാത്ത കാലയളവിൽ കേരളത്തിൽ സ്ഥിരതാമസമാക്കിയിട്ടുള്ളതുമായ ഒരാളെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കേരളത്തിൽ സ്ഥിരതാമസമാക്കിയ വ്യക്തിയായി പരിഗണിക്കുന്നതാണ്.

(എൽ) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(എം) "പ്രവാസി കേരളീയൻ" എന്നാൽ ഒരു ഭാരതപൗരൻ,

(i) സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശരാജ്യത്തിന്റെ വിസയിൽ മറ്റൊരു രാജ്യത്ത് ജോലി ചെയ്യുന്നതുമായ ഒരു കേരളീയൻ [ഇതിനുശേഷം "പ്രവാസി കേരളീയൻ" (വിദേശം) എന്ന് പദപ്രയോഗം], അല്ലെങ്കിൽ (ii) ഇന്ത്യയിൽ ജോലി ചെയ്യുന്നതും അല്ലെങ്കിൽ താമസിക്കുന്നതുമായ എന്നാൽ കേരള സംസ്ഥാനത്തിനു പുറത്തുള്ള ഒരു കേരളീയൻ [ഇതിനുശേഷം പ്രവാസി കേരളീയൻ (ഭാരതം) എന്ന് പദപ്രയോഗം] എന്നർത്ഥമാകുന്നതും എന്നാൽ കേന്ദ്രസർക്കാരിന്റെയോ, സംസ്ഥാന സർക്കാരിന്റെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ അല്ലെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയോ സ്വയംഭരണസ്ഥാപനങ്ങളുടെയോ പൊതുമേഖലാസ്ഥാപനങ്ങളിലെയോ ജീവനക്കാർ ഉൾപ്പെടാത്തതും ആകുന്നു ;

വിശദീകരണം:—ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി ഒരാൾ പ്രവാസി കേരളീയനാണോ അല്ലയോ എന്ന പ്രശ്നം ഉദിക്കുന്ന സംഗതിയിൽ, ആ പ്രശ്നം ബോർഡിന്റെ സെക്രട്ടറിക്കോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്ക് സർക്കാർ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ റഫർ ചെയ്യേണ്ടതും അതിന്മേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് ;

(എൻ) "വിജ്ഞാപനം" എന്നാൽ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ഒ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(പി) "സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്നയാൾ" എന്നാൽ മൂന്നുവർഷത്തിൽ കുറയാത്ത ഒരു കാലയളവിലേക്ക് പ്രവാസി കേരളീയനായി ജോലി ചെയ്തതിനുശേഷം കേരളത്തിലേക്ക് തിരിച്ചുവരികയും കേരളത്തിൽ സ്ഥിര താമസമാകുകയും ചെയ്ത ഒരംഗം എന്നർത്ഥമാകുന്നു ;

(ക്യൂ) "പദ്ധതി" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട "പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി" എന്നർത്ഥമാകുന്നു ;

(ആർ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു ;

(എസ്) "വർഷം" എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു.

3. പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിൻകീഴിൽ വരുന്ന പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി, ഒരു നിധി രൂപീകരിക്കുന്നതിനായി ഈ ആക്റ്റ് പ്രകാരം "പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതും, പദ്ധതി ആവിഷ്കരിച്ചതിനുശേഷം, കഴിയുന്നതും വേഗം ഈ ആക്റ്റിലെയും, പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) നിധിയിൽ താഴെപ്പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്, അതായത്:—

(എ) 4-ാം വകുപ്പുപ്രകാരമുള്ള അംശദായങ്ങൾ ;

(ബി) ഭാരത സർക്കാരോ, സംസ്ഥാന സർക്കാരോ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ/സംഘടനയോ നൽകുന്ന ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ ;

(സി) ഭാരതത്തിലോ അല്ലെങ്കിൽ വിദേശത്തോ ഉള്ള ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നും/അല്ലെങ്കിൽ ഏതെങ്കിലും സംഘടനയിൽ നിന്നോ അല്ലെങ്കിൽ ഭാരതത്തിലെയോ വിദേശത്തെയോ ഏതെങ്കിലും സർക്കാർ ഏജൻസികളിൽ നിന്നോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ഉറവിടങ്ങളിൽ നിന്നോ ഉള്ള സംഭാവനകൾ ;

(ഡി) ഈ ആക്റ്റും പദ്ധതിയും പ്രകാരം ശേഖരിച്ച അപേക്ഷ/രജിസ്ട്രേഷൻ ഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും ഫീസ് ;

(ഇ) 12-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുക ;

(എഫ്) ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്മേലോ ഓഹരിയിൽ നിന്നോ ഉള്ള ഏതെങ്കിലും ലാഭം അഥവാ പലിശ അഥവാ ലാഭവിഹിതം അഥവാ മറ്റുവരുമാനം ;

(ജി) ഈ ആക്റ്റിന്റെ 14-ാം വകുപ്പുപ്രകാരമോ അല്ലെങ്കിൽ ഈ ആക്റ്റിലെ മറ്റ് ഏതെങ്കിലും വ്യവസ്ഥപ്രകാരമോ അല്ലെങ്കിൽ പദ്ധതിപ്രകാരമോ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, പ്രവാസി കേരളീയരുടെ (വിദേശം) ഏതെങ്കിലും അവകാശപ്പെടാത്ത സഞ്ചിതത്തുക ;

(എച്ച്) നിധിയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ബോർഡ് ശേഖരിക്കുന്ന തുക ;

(3) നിധി ബോർഡിൽ നിക്ഷിപ്തമാകുന്നതും ബോർഡ് അതിന്റെ ഭരണം നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി ഇനി പറയുന്ന എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്, അതായത്:—

(എ) (i) അറുപത് വയസ്സ് പൂർത്തിയാകുന്ന അംഗങ്ങൾക്കും കൽപ്പിത അംഗങ്ങൾക്കും ; കൂടാതെ,

(ii) കേരളത്തിൽ സ്ഥിരതാമസമുള്ളതും പത്തുവർഷത്തിൽ കുറയാതെ ഒരു പ്രവാസി കേരളീയനായിരുന്നതും അറുപത് വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും സ്ഥിരമായി സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്ന ആളിനും ; പെൻഷൻ നൽകുന്നതിന് ;

(ബി) അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരംഗമോ ഒരു കല്പിത അംഗമോ മരിച്ചുപോയാൽ കുടുംബ പെൻഷൻ നൽകുന്നതിന് ;

വിശദീകരണം:—അഞ്ചുവർഷം കാലാവധി കണക്കാക്കുന്നതിലേക്കായി ഒരംഗമെന്ന നിലയിലും അതുപോലെ തന്നെ ഒരു കല്പിത അംഗമെന്ന നിലയിലും അയാൾ നൽകിയ അംശദായങ്ങൾ കൂട്ടേണ്ടതാണ്.

(സി) അസുഖം അല്ലെങ്കിൽ അപകടംമൂലം ഒരംഗം മരണപ്പെട്ടാൽ സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഡി) ഗുരുതരമായ രോഗം ബാധിച്ചിട്ടുള്ള അംഗങ്ങളുടെ വൈദ്യ ശുശ്രൂഷക്കായി ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഇ) വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹാവശ്യത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യത്തിനും സാമ്പത്തിക സഹായം നൽകുന്നതിന് ;

(എഫ്) അംഗങ്ങൾക്ക് താമസിക്കുന്നതിനായി വീട് നിർമ്മിക്കുന്നതിനോ അല്ലെങ്കിൽ അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾക്കോ സാമ്പത്തികസഹായമോ, വായ്പകളോ അല്ലെങ്കിൽ മുൻകൂറുകളോ നൽകുന്നതിന് ;

(ജി) സ്വന്തം നാട്ടിലേക്ക് തിരിച്ചുവന്ന ആളുകൾക്ക് സ്വയം തൊഴിൽ നേടുന്നതിനായി സ്വയം തൊഴിൽ സഹായമോ അല്ലെങ്കിൽ വായ്പകളോ നൽകുന്നതിന് ;

(എച്ച്) തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്ന ഒരംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് ;

(ഐ) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ച ഏതെങ്കിലും കമ്പനിയിലോ ഫേമിലോ അല്ലെങ്കിൽ സഹകരണ സംഘത്തിലോ അല്ലെങ്കിൽ സംഘത്തിലോ അല്ലെങ്കിൽ സ്ഥാപനത്തിലോ നിക്ഷേപം നടത്തുന്നതിന് ; കൂടാതെ,

(ജെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യത്തിന് വേണ്ടി.

(5) (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും ഈ ആക്റ്റിലെ പട്ടികയിലും വിനിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(6) പദ്ധതി, അതുണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ, പദ്ധതിയിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്ന പക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതുമാണ് . എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദം വരുത്തൽ പദ്ധതിപ്രകാരം മുൻപുചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

4. നിധിയിലേക്കുള്ള അംശദായം.—(1) ഓരോ പ്രവാസി കേരളീയനായ അംഗവും (വിദേശം) പ്രതിമാസം ഇരുനൂറ്റി അൻപത് രൂപവീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(2) ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗവും പ്രതിമാസം നൂറ്റി അൻപത് രൂപ നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്.

(3) ഓരോ വർഷവും (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം നൽകിയ അംശദായത്തിന്റെ രണ്ട് ശതമാനത്തിനുതുല്യമായ തുക ഗ്രാന്റായി സർക്കാർ നിധിയിലേക്ക് നൽകേണ്ടതാണ്.

(4) ഓരോ കൽപിത അംഗവും പ്രതിമാസം ഇരുപത്തിയഞ്ച് രൂപ അംശദായമായി നിധിയിലേക്ക് നൽകേണ്ടതാണ്.

(5) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, (1)-ഉം (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംശദായ നിരക്കുകൾ, പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ആവശ്യമായ തുക കണക്കിലെടുത്ത് മൂന്നുവർഷത്തിലൊരിക്കൽ പരിഷ്ക്കരിക്കാവുന്നതാണ്.

5. പദ്ധതി ഭേദഗതി ചെയ്യൽ.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെട്ട പദ്ധതിയിൽ മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൽക്കാലപ്രാബല്യത്തോടുകൂടിയോ എന്തെങ്കിലും രൂപഭേദപ്പെടുത്തൽ വരുത്തുകയോ കൂട്ടിച്ചേർക്കുകയോ, വിട്ടുകളയുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1) ഉപവകുപ്പുപ്രകാരമുള്ള ഓരോ വിജ്ഞാപനവും അത് പുറപ്പെടുവിച്ച ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ, പ്രസ്തുത വിജ്ഞാപനത്തിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, വിജ്ഞാപനത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തലുകൾ വരുത്തിയ രൂപത്തിൽ പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

6. അംഗത്വം.—(1) 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും, എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും ആയ ഓരോ പ്രവാസികേരളീയനും നിധിയിലെ ഒരു അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ് ;

(2) 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 55 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരും, തൊഴിലിനായോ അല്ലെങ്കിൽ മറ്റ് വിധത്തിലോ കേരളത്തിൽ നിന്നും പുറത്തുപോയിട്ടുള്ളവരും ആറ് മാസത്തിലധികമായി കേരളത്തിന് പുറത്ത്, ഇന്ത്യയിലെവിടെയെങ്കിലും താമസിക്കുകയും, അവിടെത്തന്നെ തുടരാൻ ഉദ്ദേശിക്കുകയും ചെയ്യുന്ന ഓരോ പ്രവാസി കേരളീയനും കൂടി നിധിയിലെ ഒരു അംഗമാകുന്നതിന് തന്റെ പേര് രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെടാൻ അർഹതയുള്ള ഓരോ പ്രവാസി കേരളീയനും എമിഗ്രേഷൻ ക്ലിയറൻസ് ലഭിച്ചാലുടനെയും സംസ്ഥാനം വിട്ടുപോകുന്നതിനുമുമ്പായും പദ്ധതിയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന രീതിയിൽ അദ്ദേഹത്തിന്റെ പേര് നിധിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(4) (2) ഉപവകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യപ്പെടാൻ അർഹതയുള്ള ഓരോ പ്രവാസി കേരളീയനും, അദ്ദേഹം അങ്ങനെ ചെയ്യാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സംസ്ഥാനത്തുനിന്നും വിട്ടുപോയതിനുശേഷം രണ്ടുമാസത്തിനുള്ളിൽ, പദ്ധതിയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്ന രീതിയിൽ, തന്റെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(5) (3)-ഉം (4)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെയും, അതിൻകീഴിലുള്ള പദ്ധതിയുടെയും പ്രാരംഭത്തിനുമുമ്പ് കേരളം വിട്ടുപോയിട്ടുള്ള പ്രവാസി കേരളീയർ, പദ്ധതിയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിലും രീതിയിലും, അങ്ങനെയുള്ള ഫണ്ടിൽ അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(6) രജിസ്ട്രേഷൻ ഫീസ് വിദേശത്ത് താമസിക്കുന്ന പ്രവാസി കേരളീയരെ സംബന്ധിച്ച് ഇരുന്നൂറുരൂപയും, ഇന്ത്യയിൽ താമസിക്കുന്ന പ്രവാസി കേരളീയരെ സംബന്ധിച്ച് നൂറുരൂപയും ആയിരിക്കേണ്ടതാണ് :

എന്നാൽ, സർക്കാരിന്, മൂന്നുവർഷത്തിലൊരിക്കൽ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി രജിസ്ട്രേഷൻ ഫീസ് പുതുക്കാവുന്നതാണ്.

(7) രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ അംഗവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിലും ഇടവേളകളിലും അങ്ങനെയുള്ള രീതിയിലും (4)-ാം വകുപ്പുപ്രകാരമുള്ള അംശദായം അടയ്ക്കേണ്ടതാണ്.

7. <u>അംഗത്വം അവസാനിക്കൽ.</u>—(1) ഒരു വർഷമോ അതിലധികമോ അംഗത്വ ഫീസ് അടയ്ക്കാൻ തുടർച്ചയായി വീഴ്ച വരുത്തുന്ന സംഗതിയിൽ അംഗത്വം അവസാനിക്കുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ഏതെങ്കിലും ഒരംഗം ചെയ്യുകയാണെങ്കിൽ അല്ലെങ്കിൽ അംശദായം നൽകുന്നതിനായി ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുകയാണെങ്കിൽ ഉടൻതന്നെ അയാളുടെ അംഗത്വം അവസാനിക്കുന്നതും, എന്നാൽ അംശദായം അടയ്ക്കുന്നതിലേക്കായി നിർണ്ണയിക്കപ്പെട്ട നടപടിക്രമത്തിന്റെ ലംഘനംമൂലം അവസാനിച്ച അംഗത്വ പദ്ധതിയിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

(3) ഒരു അംഗം കേരളത്തിന് പുറത്തുള്ള തന്റെ ജോലിയോ താമസമോ ഉപേക്ഷിച്ച് കേരളത്തിൽ തിരിച്ചുവരികയും സ്ഥിരമായി താമസിക്കുകയും ചെയ്യുകയാണെങ്കിൽ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി അയാളുടെ അംഗത്വം അവസാനിക്കുന്നതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരം അഗത്വം അവസാനിച്ച ഒരു അംഗത്തിന് പദ്ധതിയിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെ പെൻഷൻ നിധിയിലേക്ക് അംശദായം തുടർച്ചയായി അടച്ച് നിധിയിൽ ഒരു കല്പിത അംഗമായി തുടരാൻ അർഹതയുണ്ടായിരിക്കുന്നതാണ് :

എന്നാൽ, ഒരു കല്പിത അംഗമായ ഒരാൾ മൂന്നുവർഷത്തിൽ കുറയാതെ തുടർച്ചയായി അംശദായം ഒരംഗമെന്ന നിലയിൽ നൽകിയാൽ ഈ ആക്റ്റും പദ്ധതിയും പ്രകാരമുള്ള ആനുകൂല്യങ്ങളുടെ ആവശ്യത്തിലേക്ക് അയാളെ കേരളത്തിലേക്ക് തിരിച്ചുവന്ന തീയതി മുതൽ 3 വർഷക്കാലത്തേക്ക് ഒരു അംഗമായി പരിഗണിക്കേണ്ടതാണ് :

എന്നുമാത്രമല്ല, അംഗത്തിനോ അല്ലെങ്കിൽ കല്പിത അംഗത്തിനോ പെൻഷൻ നൽകുന്നത് സംബന്ധിച്ച ഏതെങ്കിലും ചട്ടം ബാധകമാകുന്ന ഏതെങ്കിലും സർക്കാർ, അർദ്ധസർക്കാർ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി ലഭിക്കുകയും, അങ്ങനെയുള്ള പെൻഷന് അവർ അർഹത നേടുകയും ചെയ്താൽ അവരുടെ അംഗത്വം അല്ലെങ്കിൽ കല്പിത അംഗത്വം അവസാനിക്കുന്നതാണ്.

(5) (4)-ാം ഉപവകുപ്പ് പ്രകാരം വരുന്ന ഒരു അംഗം വീണ്ടും കേരളം വിട്ടുപോവുകയും ഒരു പ്രവാസി കേരളീയനായിത്തീരുകയും ചെയ്യുന്നുവെങ്കിൽ, നിധിയിലെ അയാളുടെ അംഗത്വം വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടുംകൂടി പുനരുജ്ജീവിപ്പിക്കേണ്ടതും അയാൾ ഒരു അംഗത്തെപോലെ ഫണ്ടിലേക്ക് അംശദായം നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതും ഒരു അംഗത്തിനുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനും അർഹനായിരിക്കുന്നതുമാണ്.

(6) അംഗത്വം അവസാനിച്ചിരിക്കുകയും (4)-ാം ഉപവകുപ്പിൻകീഴിൽ വരാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ഒരു അംഗത്തിന് പിന്നീട് പ്രവാസി കേരളീയന്റെ പദവി നേടുമ്പോൾ പുതിയ അംഗത്വത്തിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

8. ബോർഡിന്റെ രൂപവൽക്കരണം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, നിധിയുടെ ഭരണനിർവ്വഹണത്തിനും നിധിയിൽ നിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനും, പരിപാലനത്തിനും, ഈ ആക്റ്റിന്റെയും പദ്ധതിയുടെയും കീഴിലുള്ള മറ്റ് പ്രവർത്തനങ്ങൾക്കും വേണ്ടി "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടുംകൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും, വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പതിന്നാല് ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതാണ്:—

(i) പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന മൂന്ന് ഡയറക്ടർമാർ ;

(ii) പ്രവാസി കേരളീയരെ (ഭാരതം) പ്രതിനിധീകരിക്കുന്ന മൂന്ന് ഡയറക്ടർമാർ ;

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന അഞ്ച് ഉദ്യോഗസ്ഥർ ;

(iv) ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ ;

(v) ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ;

(vi) "നോർക്ക റൂട്ട്സിൽ" നിന്നുള്ള ഒരു പ്രതിനിധി.

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്.

(5) സർക്കാർ, ബോർഡിലെ ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(6) പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ബോർഡിൽ, നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം അത് നടത്തേണ്ടതാണ്.

(7) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, ബോർഡ് നിർദ്ദേശിക്കാവുന്ന ഏതെങ്കിലും നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ ഭരണനിർവ്വഹണത്തിന്, അത് ആവശ്യമെന്ന് കരുതുന്ന, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ള അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർമാനോ, ഏതെങ്കിലും ഡയറക്ടർക്കോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ബോർഡിലെ ഏതെങ്കിലും മറ്റ് ആഫീസർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(8) ബോർഡിലേക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ ഏഴ് ശതമാനംവരെയോ, കാലാകാലങ്ങളിൽ, സർക്കാർ നിശ്ചയിക്കാവുന്ന തുകയോ ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ശമ്പളത്തിനും മറ്റ് അംഗീകൃത ഭരണപരവും ഓഫീസ് ചെലവുകൾക്കുമായി വിനിയോഗിക്കാവുന്നതാണ്.

9. ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.—(1) 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു എക്സ്-ഒഫിഷ്യോ ഡയറക്ടർ ഒഴികെയുള്ള ഒരു ഡയറക്ടർ മൂന്ന് വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, എപ്പോൾ വേണമെങ്കിലും കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട്, ബോർഡിലെ ഏതൊരു ഡയറക്ടറെയും ഔദ്യോഗികസ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതും, അത് നിർദ്ദേശിക്കപ്പെട്ട നീക്കം ചെയ്യലിന് എതിരായി കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകിയതിനുശേഷം ആയിരിക്കേണ്ടതുമാണ് :

എന്നാൽ, പൊതുതാത്പര്യം പരിഗണിച്ച് കാരണങ്ങൾ ലിഖിതമായി രേഖപ്പെടുത്തുന്നതോ അങ്ങനെയുള്ള ഒരു അവസരം നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം, നീക്കം ചെയ്യുന്നതിനുള്ള കാരണം എഴുതി രേഖപ്പെടുത്തുകയോ നിർദ്ദിഷ്ട നീക്കംചെയ്യലിനെതിരായി കാരണം കാണിക്കലിന് അവസരം നൽകുകയോ ചെയ്യേണ്ട ആവശ്യമില്ലാത്തതാണ്.

(3) ഏതൊരു ഡയറക്ടർക്കും സർക്കാരിന് ലിഖിതമായ നോട്ടീസ് നൽകിക്കൊണ്ട് തന്റെ ഔദ്യോഗികസ്ഥാനം രാജിവയ്ക്കാവുന്നതും എന്നാൽ, സർക്കാർ രാജി സ്വീകരിക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനത്ത് തുടരേണ്ടതുമാണ്.

10. <u>അനൗദ്യോഗിക ഡയറക്ടർമാരെ നീക്കം ചെയ്യൽ.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറേയും താഴെപ്പറയുന്ന കാരണങ്ങളാൽ ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യാവുന്നതാണ്:—

(എ) അദ്ദേഹം ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയാണെങ്കിൽ :

എന്നാൽ, ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പ് ബോർഡിന് അപ്രകാരമുള്ള ഹാജരാകാതിരിക്കൽ മതിയായ കാരണങ്ങളാൽ മാപ്പാക്കാവുന്നതാണ്.

(ബി) അദ്ദേഹം ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ, കഴിവില്ലാത്തവനായി തീർന്നുവെന്നോ, അല്ലെങ്കിൽ ഡയറക്ടർ ആയി അദ്ദേഹം തുടരുന്നത് പൊതുതാല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ ഡയറക്ടർ പദവി ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷം :

എന്നാൽ, ഈ ഉപവകുപ്പുപ്രകാരം ഒരു ഡയറക്ടറെ നീക്കം ചെയ്യുന്നതിന് മുമ്പായി അദ്ദേഹത്തെ നീക്കം ചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, മറ്റ് വിധത്തിൽ സർക്കാർ ഉത്തരവാകാത്തപക്ഷം, അദ്ദേഹത്തെ നീക്കം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക് ബോർഡിലെ ഡയറക്ടറായി വീണ്ടും നിയമിക്കപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം നീക്കം ചെയ്യപ്പെട്ട ബോർഡിലെ ഒരു അനൗദ്യോഗിക ഡയറക്ടർ, സർക്കാർ, ഒരു ഉത്തരവുമൂലം മേലിൽ അദ്ദേഹം അയോഗ്യനല്ലെന്ന് പ്രഖ്യാപിക്കുന്നതുവരെ വീണ്ടും നിയമിക്കപ്പെടുന്നതിന് അർഹനായിരിക്കുന്നതല്ല.

11. ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും നിയമനം.—സർക്കാരിന്, ഈ ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിരിക്കുന്ന പദ്ധതിയും പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിന്, നിർണ്ണയിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള രീതിയിൽ ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും മറ്റ് ഉദ്യോഗസ്ഥന്മാരുടേയും ജീവനക്കാരുടേയും നിയമനരീതിയും ശമ്പളവും അലവൻസുകളും അച്ചടക്കവും മറ്റ് സേവനവ്യവസ്ഥകളും, സർക്കാർ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

(3) ബോർഡിന്റെ സേവനത്തിനുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്ന സംഗതിയിൽ, അതത് സമയം ഭേദഗതി ചെയ്യുന്ന പ്രകാരമുള്ള, 1958-ലെ കേരള സർവ്വീസ് ചട്ടങ്ങളുടെ (I)-ാം ഭാഗത്തിലേയും (II)-ാം ഭാഗത്തിലേയും വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടെ ബാധകമാക്കേണ്ടതാണ്. ബോർഡ് രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തിരമോ അല്ലാതെയോ സർക്കാരിന് നിയമനം നടത്താവുന്നതാണ്.

12. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടും സർക്കാർ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും പദ്ധതിയുടെ ആവശ്യങ്ങൾക്കുവേണ്ടി, കാലാകാലങ്ങളിൽ, പണം കടം വാങ്ങാവുന്നതാണ്.

13. കമ്പനികളെയും സഹകരണസംഘങ്ങളെയും സംഘങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും ബോർഡ് പ്രൊമോട്ട് ചെയ്യണമെന്ന്.—ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടുംകൂടി, 1956-ലെ കമ്പനീസ് ആക്റ്റിൻ (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള പൊതു/അല്ലെങ്കിൽ സ്വകാര്യ ക്ലിപ്ത കമ്പനികളുടെയും അല്ലെങ്കിൽ 1969-ലെ സഹകരണ സംഘം ആക്റ്റിൻ (1969-ലെ 21-ാം ആക്റ്റ്) കീഴിലുള്ള സഹകരണ സംഘങ്ങളുടെയും, 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റിൻ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള സംഘങ്ങളുടെയും/അല്ലെങ്കിൽ പ്രവാസി കേരളീയ അംഗങ്ങളും, ബോർഡും അല്ലെങ്കിൽ സർക്കാരും മുതൽമുടക്കിയിട്ടുള്ള/ഓഹരിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും അപ്രകാരമുള്ള ആവശ്യങ്ങളും പ്രവർത്തനങ്ങളും വ്യാപാരവും പ്രൊമോട്ട് ചെയ്യാവുന്നതാണ്.

14. ബോർഡ് ജാമ്യക്കാരനായി പ്രവർത്തിക്കണമെന്ന്.—ഭാരത സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളോടും ഉപാധികളോടുംകൂടി, ജോലിക്ക് പോകുന്ന പ്രവാസി കേരളീയനിൽ നിന്നും വാങ്ങുന്ന സെക്യൂരിറ്റി നിക്ഷേപത്തിന് ബോർഡിന് പ്രവാസി കേരളീയന് (വിദേശം) വേണ്ടി ഒരു ജാമ്യക്കാരനായി പ്രവർത്തിക്കാവുന്നതാണ്.

15. കിട്ടേണ്ട തുക തീരുമാനിക്കൽ.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ഇതിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ, ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷവും 4-ാം വകുപ്പുപ്രകാരം അംശദായം നൽകാൻ ബാദ്ധ്യസ്ഥനായ ഓരോ ആളിനും പറയാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷവും, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരം കിട്ടേണ്ട അംശദായം ഉത്തരവുമൂലം തിട്ടപ്പെടുത്താവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അപ്രകാരമുള്ള അന്വേഷണത്തിന്റെ ആവശ്യങ്ങൾക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിന് ;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന് ;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ;

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനുവേണ്ടി കമ്മീഷനുകളെ അയയ്ക്കുന്നതിന്.

(3) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു അന്വേഷണവും ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽപ്പെടുന്നതും പ്രസ്തുത നിയമസംഹിതയിലെ 196-ാം വകുപ്പിന്റെ പരിധിയിൽ വരുന്ന ഒരു ജുഡീഷ്യൽ നടപടി ആയി കരുതപ്പെടേണ്ടതുമാണ്.

(4) സർക്കാരിന്, ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഗസറ്റ് വിജ്ഞാപനംവഴി, നോർക്ക വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥന്മാരെ അപ്പീൽ അധികാരിയായി നിയമിക്കാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവിന്മേൽ പരാതിയുള്ള ഏതൊരാൾക്കും, ഉത്തരവ് കിട്ടിയ തീയതി മുതൽ 60 ദിവസത്തിനകം ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയ അപ്പലേറ്റ് അധികാരസ്ഥാനത്തിന് മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥന് അതിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനുശേഷം, അദ്ദേഹത്തിന് യുക്തമെന്ന് കാണുന്നപ്രകാരമുള്ള ഉത്തരവുകൾ പാസ്സാക്കാവുന്നതാണ്.

(6) സർക്കാരിന്, സ്വമേധയായോ അല്ലെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിന്മേലോ, (4)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എടുത്ത ഏതെങ്കിലും നടപടികളുടെ രേഖകൾ ആവശ്യപ്പെടാവുന്നതും സർക്കാരിന് ആവശ്യമാണെന്ന് കാണുകയാണെങ്കിൽ അങ്ങനെയുള്ള അന്വേഷണം

നടത്താവുന്നതും അപ്പീൽ അധികാരിയുടെ ഉത്തരവിൽ രൂപഭേദം വരുത്തുകയോ, പുതുക്കുകയോ, റദ്ദാക്കുകയോ അല്ലെങ്കിൽ പുതിയ തീരുമാനത്തിനായി ഇക്കാര്യം തിരിച്ചയയ്ക്കുകയോ ചെയ്തുകൊണ്ടുള്ള അവർക്ക് യുക്തമെന്ന് തോന്നുന്ന ഉത്തരവുകൾ പാസ്സാക്കാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള റിവിഷനുവേണ്ടിയുള്ള അപേക്ഷ അപേക്ഷകൻ ഉത്തരവ് ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നൽകേണ്ടതാണ് :

എന്നുമാത്രമല്ല, ബാധകമായേക്കാവുന്ന ആളിന് പറയാനുള്ളത് പറയുവാൻ ഒരവസരം നൽകാതെ യാതൊരു ഉത്തരവും ഈ ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

16. അംശദായം വസൂലാക്കൽ.—ഒരു പ്രവാസി കേരളീയൻ അംശദായം കൊടുക്കേണ്ട തീയതിയിലോ അതിന് മുമ്പോ അത് കൊടുത്തിട്ടില്ലാത്തിടത്ത് ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അയാൾക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ട് ഒരു നോട്ടീസ് അയയ്ക്കേണ്ടതും, പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസങ്ങൾക്കകം തുക കൊടുക്കാത്തപക്ഷം, പ്രതിവർഷം പന്ത്രണ്ട് ശതമാനം പലിശയടക്കം ആ തുക വീഴ്ച വരുത്തിയ ആളിൽ നിന്ന് ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്നതാണ്.

17. ബോർഡിന്റെ ഡയറക്ടർമാർ മുതലായവർ പബ്ലിക് സെർവന്റുമാർ ആയിരിക്കണമെന്ന്.—ബോർഡിന്റെ ഓരോ ഡയറക്ടറും 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ബോർഡിലെ മറ്റ് ഓരോ ഉദ്യോഗസ്ഥനും ജീവനക്കാരനും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കണക്കാക്കപ്പെടുന്നതാണ്.

18. ശിക്ഷ.—(1) ഈ ആക്റ്റോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽ നിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽ നിന്ന് ഒഴിവാക്കുന്നതിന് സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവന നടത്തുകയോ തെറ്റായി ധരിപ്പിക്കുകയോ വ്യാജമായി നിവേദനം നടത്തുകയോ, ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ അല്ലെങ്കിൽ അയ്യായിരം രൂപ പിഴയോ അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) ഈ ആക്റ്റിലേയോ പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ അല്ലെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ, വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അംശദായം കൊടുക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഏതൊരാളും അപ്രകാരമുള്ള ലംഘനത്തിനോ, വീഴ്ച വരുത്തലിനോ, ഈ ആക്റ്റ് പ്രകാരമോ, അതിൻ കീഴിലോ, മറ്റൊരിടത്തും മറ്റ് വിധത്തിലുള്ള ശിക്ഷക്ക് വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം രണ്ട് മാസക്കാലം വരെയാകാവുന്ന തടവോ അല്ലെങ്കിൽ നാലായിരം രൂപ വരെയാകാവുന്ന പിഴയോ, അല്ലെങ്കിൽ ഇവ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഏതൊരു കുറ്റവും ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും വിചാരണ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(4) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകിയ, അങ്ങനെയുള്ള കുറ്റം സംബന്ധിച്ച വസ്തുതകളുടെ രേഖാമൂലമായ ഒരു റിപ്പോർട്ടിന്മേലല്ലാതെ, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ ഒരു കുറ്റം യാതൊരു കോടതിയും വിചാരണ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

19. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുന്നിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചാർജ്ജ് വഹിച്ചിരുന്നതും കമ്പനിയുടെ കാര്യനിർവ്വഹണത്തിൽ കമ്പനിയോട് ഉത്തരവാദിത്വമുണ്ടായിരുന്നതുമായ ഓരോ ആളും ആ കമ്പനിയും കുറ്റക്കാരായി കരുതപ്പെടുന്നതും അതനുസരിച്ച് അവർക്കെതിരായുള്ള നടപടികൾക്ക് വിധേയരായിരിക്കുന്നതും ശിക്ഷിക്കപ്പെടുന്നതുമാണ് :

എന്നാൽ, ഈ വകുപ്പിലടങ്ങിയിട്ടുള്ള യാതൊന്നും കുറ്റം ചെയ്തത് തന്റെ അറിവോടുകൂടി അല്ലെന്നും, അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം, അങ്ങനെയുള്ള ആളിനെ ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കുറ്റം ചെയ്തത് കമ്പനിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സമ്മതത്തോടുകൂടിയോ മൗനാനുവാദത്തോടുകൂടിയോ അല്ലെങ്കിൽ അയാളുടെ ഭാഗത്തുള്ള മനഃപൂർവ്വമായ ഉപേക്ഷമൂലമാണെന്നോ തെളിയിക്കപ്പെടുന്നപക്ഷം കമ്പനിയുടെ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ കുറ്റം ചെയ്തതായി കണക്കാക്കപ്പെടേണ്ടതും അതനുസരിച്ച് അയാൾക്കെതിരായുള്ള നടപടികൾക്ക് വിധേയനായിരിക്കുന്നതും ശിക്ഷിക്കപെടുന്നതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക്,—

(എ) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗയോഗം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണ സംഘമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു ;

(ബി) "കമ്പനി ഉദ്യോഗസ്ഥൻ" എന്നാൽ, കമ്പനിയുടെ മാനേജിംഗ് ഡയറക്ടറോ, ഡയറക്ടറോ, സെക്രട്ടറിയോ, ട്രഷററോ അല്ലെങ്കിൽ മാനേജരോ എന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമിന്റേയോ, സഹകരണ സംഘത്തിന്റേയോ, വ്യക്തികളുടെ മറ്റ് സമാജത്തിന്റേയോ ഔദ്യോഗിക ഭാരവാഹികൾ ഉൾപ്പെടുന്നതുമാകുന്നു ;

(സി) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ, ആ ഫേമിലെ ഒരു പങ്കാളിയും ഉൾപ്പെടുന്നു.

20. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരം നിധിയിലേയ്ക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന് കുടിശ്ശിക തുകയുടെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിയാത്ത, ബോർഡ് യുക്തമെന്ന് കരുതുന്ന തുക നഷ്ടപരിഹാരമായി സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി അയാളിൽ നിന്നും വസൂലാക്കാവുന്നതാണ്.

21. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതി പ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ മറ്റേതെങ്കിലും ആളിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടിയോ നിലനിൽക്കുന്നതല്ല.

22. സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ.—(1) സർക്കാരിന്, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതുവായ നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(2) ബോർഡ് ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

23. അന്വേഷണത്തിനുവേണ്ടി ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഏതുസമയത്തും ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്, അന്വേഷണം ശരിയായ രീതിയിൽ നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും ബോർഡ് ഏർപ്പെടുത്തിക്കൊടുക്കുകയും അദ്ദേഹം ആവശ്യപ്പെടുന്ന ബോർഡിന്റെ കൈവശമുള്ള രേഖകളും കണക്കുകയും വിവരങ്ങളും നൽകുകയും ചെയ്യേണ്ടതാണ്.

24. ബോർഡിനെ അതിലംഘിക്കാനുള്ള അധികാരം.—(1) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പരിഗണിച്ചശേഷമോ അല്ലെങ്കിൽ മറ്റുവിധത്തിൽ, ബോർഡ്, ഈ ആക്റ്റിലേയോ, പദ്ധതിയിലേയോ വ്യവസ്ഥകൾ പ്രകാരമോ അതിൻ കീഴിലോ, അതിന്മേൽ ചുമത്തപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുകയോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്ന് സർക്കാരിന് അഭിപ്രായമുള്ളപക്ഷം സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം വിജ്ഞാപനത്തിൽ പ്രത്യേകം പറയുന്ന ആറ് മാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് ബോർഡിനെ അതിലംഘനം ചെയ്യാവുന്നതാണ് :

എന്നാൽ, ഈ ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് ബോർഡിന് അതിനെ അതിലംഘനം ചെയ്യാതിരിക്കാൻ കാരണം കാണിക്കുന്നതിന് ന്യായമായ അവസരം സർക്കാർ നൽകേണ്ടതും

ബോർഡിന്റെ വിശദീകരണങ്ങളും ആക്ഷേപങ്ങളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ,—

(എ) ബോർഡിലെ എല്ലാ ഡയറക്ടർമാരും, അപ്രകാരമുള്ള പ്രസിദ്ധീകരണ തീയതി മുതൽ, ഡയറക്ടർമാരെന്ന നിലയിലുള്ള അവരുടെ ഔദ്യോഗിക സ്ഥാനം ഒഴിഞ്ഞതായി കരുതപ്പെടേണ്ടതും ; കൂടാതെ,

(ബി) ബോർഡ് വിനിയോഗിക്കുകയോ, നിർവ്വഹിക്കുകയോ ചെയ്യുമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും അതിലംഘനം ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഉദ്യോഗസ്ഥനോ ഉദ്യോഗസ്ഥന്മാരോ വിനിയോഗിക്കുകയോ നിർവ്വഹിക്കുകയോ ചെയ്യേണ്ടതും ; കൂടാതെ,

(സി) ബോർഡിൽ നിക്ഷിപ്തമായ എല്ലാ ഫണ്ടുകളും മറ്റ് വസ്തുവകകളും അതിലംഘനം ചെയ്യപ്പെട്ടിരിക്കുന്ന കാലയളവിൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കപ്പെട്ട വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള അതിലംഘനം ചെയ്യലിന്റെ കാലയളവ് അവസാനിക്കുമ്പോൾ സർക്കാർ, 8-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണ്.

25. ബോർഡിന്റെ കണക്കുകളുടെ ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും, വേതനവും.—(1) ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിനായി, സർക്കാർ, ആഡിറ്റർമാരെ, നിയമിക്കേണ്ടതാണ്.

(2) ബോർഡ്, പ്രസ്തുത ആഡിറ്റർമാർക്ക്, സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വേതനം നൽകേണ്ടതാണ്.

(3) അപ്രകാരമുള്ള ആഡിറ്റർമാർ ബോർഡിന്റെ കണക്കുകൾ വർഷത്തിലൊരിക്കൽ, പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

26. വാർഷിക റിപ്പോർട്ടും കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും.—(1) സാമ്പത്തിക വർഷം അവസാനിച്ചശേഷം, ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം, ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ വർഷവും ഡിസംബർ അവസാനത്തിനുമുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(2) വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻതന്നെ, സർക്കാർ, അത് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെൻറ് സഹിതം, നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

27. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് അല്ലെങ്കിൽ പദ്ധതി പ്രകാരമോ അതിൻകീഴിലോ, സർക്കാരോ ബോർഡോ, അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ, തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിശ്ചയിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അല്ലെങ്കിൽ തീരുമാനിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ ഉള്ള അധികാരം യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

28. നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിലവിലുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ ഒരംഗത്തിന്റെ കണക്കിലുള്ള തുക ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ നിധിയിലേക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള രീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നതും കണക്കിൽ വരവ് വയ്ക്കപ്പെടുന്നതും അപ്രകാരമുള്ള ക്ഷേമനിധിയിലേക്ക് അംശദായം നൽകാനുള്ള ആ അംഗത്തിന്റെ ബാദ്ധ്യത, പ്രസ്തുത തീയതി മുതൽ ഇല്ലാതാകുന്നതുമാണ്.

29. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ആ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും, ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ പദ്ധതിയ്ക്കോ വിരുദ്ധമല്ലാത്തുമായ, ഏതുകാര്യവും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) 1-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ പതിനാലുദിവസത്തിൽ കുറയാത്ത കാലയളവിലേക്ക് വയ്ക്കേണ്ടതും അവ അപ്രകാരം ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അതിൽ വരുത്തുന്ന രൂപഭേദപ്പെടുത്തലുകൾക്ക് വിധേയവുമാണ്.

30. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക്

വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## പട്ടിക

**[3-ാം വകുപ്പിന്റെ (5) -ാം ഉപവകുപ്പ് കാണുക]**

## പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന കാര്യങ്ങൾ

1. നിധിയിലെ പ്രവാസികേരളീയരുടെ രജിസ്ട്രേഷൻ.

2. പ്രവാസികേരളീയരും, സ്വദേശത്തേക്ക് മടങ്ങിവരുന്നവരും നിധിയിലേക്ക് ഏത് സമയത്തും ഏത് രീതിയിലും അംശദായം നൽകണമെന്നും, 4-ാം വകുപ്പ് പ്രകാരം നൽകേണ്ടതായ അംശദായവും അത് ഈടാക്കി നിധിയിൽ നിക്ഷേപിക്കേണ്ട രീതിയും.

3. ബോർഡിനെ സഹായിക്കുന്നതിന് വേണ്ടിയുള്ള ഏതെങ്കിലും കമ്മിറ്റിയുടെ രൂപീകരണം, ബോർഡിന്റെ ആസ്ഥാനം, ചെയർപേഴ്സന്റെയും ഡയറക്ടർമാരുടേയും ദിനബത്തയും യാത്രാബത്തയും സിറ്റിംഗ് ഫീസും.

4. കണക്കുകൾ സൂക്ഷിക്കേണ്ട രീതി, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾക്കോ, വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കോ അനസൃതമായി നിധിയുടെ വക പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്കുകൾ ആഡിറ്റ് ചെയ്യൽ, സർക്കാരിലേക്ക് റിപ്പോർട്ടുകൾ സമർപ്പിക്കൽ എന്നിവ.

5. നിധിയിൽ നിന്നും പണം പിൻവലിക്കുന്നതിനും അതിൽ നിന്നും തട്ടിക്കിഴിക്കലോ, കണ്ടുകെട്ടലോ നടത്തുന്നതിനുള്ള വ്യവസ്ഥകളും തട്ടിക്കിഴിക്കുകയോ, കണ്ടുകെട്ടുകയോ ചെയ്യാവുന്ന പരമാവധി തുകയും.

6. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്റെയും തന്റെ കുടുംബത്തേയും പറ്റിയുള്ള വിവരങ്ങൾ നൽകുന്നതിനുള്ള ഫാറം.

7. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ അല്ലെങ്കിൽ മറ്റു ആനുകൂല്യം സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്നതും.

8. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും.

9. നിധിയിലെ ഒരംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ രൂപവും അല്ലെങ്കിൽ മാതൃകയും അവ നൽകലും സൂക്ഷിക്കലും പകരം നൽകലും.

10. ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് ചുമത്താവുന്ന ഫീസ്.

11. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ അതും.

12. പ്രവാസി കേരളീയരുടെയോ അല്ലെങ്കിൽ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിനായുള്ള ഏതെങ്കിലും കാര്യത്തിനായി നിധിയുടെ വിനിയോഗവും.

13. 28-ാം വകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെട്ട തുകകൾ നിധിയിലേക്ക് വരവ് വയ്ക്കേണ്ട രീതി.

14. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം.

15. നിധിയിൽ നിന്നും പെൻഷൻ, കുടുംബപെൻഷൻ, ഗ്രാന്റുകൾ, മറ്റ് ആനുകൂല്യങ്ങൾ അല്ലെങ്കിൽ വായ്പകളും മുൻകൂറുകളും നൽകുന്നതിനുള്ള നടപടിക്രമം.

16. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമോ ഉചിതമോ ആയ മറ്റേതെങ്കിലും സംഗതി.

17. ബോർഡ് പ്രവാസി കേരളീയരുടെ ഗുണത്തിനായി കമ്പനികൾ, സംഘങ്ങൾ, സഹകരണ സംഘങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള രീതിയും നടപടിക്രമവും.

18. വ്യക്തികളുടെ താൽക്കാലിക സമാജം ഉണ്ടാക്കുന്നത് ഏത് ആവശ്യത്തിനാണെന്നും ഏത് രീതിയിലാണെന്നും.

19. 3-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സംഗതികൾക്കുവേണ്ടിയും.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും, അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഇപ്പോൾ യാതൊരു ക്ഷേമപദ്ധതിയും നിലവിലില്ല. സർക്കാർ ഇക്കാര്യം, വിശദമായി പരിശോധിക്കുകയും പ്രവാസി കേരളീയരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപവൽക്കരിക്കുന്നതിനും ഗുണഭോക്താക്കൾ നൽകുന്ന അംശദായത്തിന്റെ രണ്ടുശതമാനം സർക്കാരിന്റെ അംശദായമായി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡപ്രകാരം, ഓരോ പ്രവാസി കേരളീയ (വിദേശം) അംഗവും പ്രതിമാസം 250 രൂപവീതം ഓരോ പ്രവാസി കേരളീയ (ഭാരതം) അംഗവും പ്രതിമാസം 150 രൂപവീതവും നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്. ഓരോ കല്പിത അംഗവും പ്രതിമാസം 25 രൂപ വീതം നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്. അംഗങ്ങൾ നൽകിയ അംശദായത്തിന്റെ രണ്ടു ശതമാനത്തിനു തുല്യമായ തുക ഗ്രാന്റായി നിധിയിലേക്ക് സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. കണക്കനുസരിച്ച്, പ്രവാസി കേരളീയ (വിദേശം) രുടെ എണ്ണം 20 ലക്ഷവും പ്രവാസി കേരളീയർ (ഭാരതം) 10 ലക്ഷവും ആണ്.

ഇന്ത്യയിലും വിദേശത്തുമുള്ള മൊത്തം പ്രവാസി കേരളീയരിൽ കുറഞ്ഞത് അറുപതുശതമാനം എങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രവാസി കേരളീയർ (വിദേശം)ക്ക് പ്രതിമാസം 60 ലക്ഷത്തോളം രൂപയും പ്രവാസി കേരളീയർ (ഭാരതം) ക്കുവേണ്ടി പ്രതിമാസം 18 ലക്ഷം രൂപയും സർക്കാരിന് അംശദായമായി ആകെ ആവർത്തന സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതാണ്. ഇതിനുപുറമേ, 10 ലക്ഷം രൂപ പ്രാരംഭചെലവുകൾക്കായി നൽകേണ്ടിവരും. അപ്രകാരം സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 10 ലക്ഷം രൂപയുടെ അനാവർത്തക ചെലവും ഏകദേശം 9.36 കോടി രൂപയുടെ വാർഷിക ആവർത്തന ചെലവും ഉണ്ടാകുന്നതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 1-ാം ഖണ്ഡം (2) ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനംമൂലം, ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി നിശ്ചയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റ് വിജ്ഞാപനംമൂലം പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി, "പ്രവാസി കേരളീയരുടെ ക്ഷേമനിധി" എന്നറിയപ്പെടുന്ന ഒരു നിധി, രൂപീകരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം, ഗസറ്റുവിജ്ഞാപനംമൂലം പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിധി കണക്കിലെടുത്തുകൊണ്ട്, 1-ഉം (2)-ഉം (4)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംശദായനിരക്കുകൾ മൂന്ന് വർഷത്തിലൊരിക്കൽ, പരിഷ്ക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 5-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റുവിജ്ഞാപനംവഴി, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും പദ്ധതിയിൽ മുൻകാലപ്രാബല്യത്തോടു കൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ രൂപഭേദപ്പെടുത്തൽ വരുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ വിട്ടുകളയുന്നതിനോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുന്നതിനോ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 6-ാം ഖണ്ഡം (6)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധന, ഗസറ്റുവിജ്ഞാപനം വഴി, മൂന്നു വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ ഫീസ് പരിഷ്ക്കരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 8-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഗസറ്റുവിജ്ഞാപനം വഴി, "കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് "എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 11-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെയും മറ്റ് ഉദ്യോഗസ്ഥരുടേയും ജീവനക്കരുടേയും നിയമനരീതിയും, ശമ്പളവും, അലവൻസുകളും, അച്ചടക്കവ്യവസ്ഥകളും, മറ്റ് സേവനവ്യവസ്ഥകളും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 15-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം, ഗസറ്റുവിജ്ഞാപനംമൂലം, ആക്റ്റിന്റെ ആവശ്യത്തിലേക്കായി, അപ്പീൽ അധികാരിയെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 22-ാം ഖണ്ഡം, ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 23-ാം ഖണ്ഡം ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ഒരു അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 24-ാം ഖണ്ഡം ഗസറ്റുവിജ്ഞാപനംമൂലം, 24-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം പാലിച്ചശേഷവും ആറുമാസക്കാല ത്തിലധികമല്ലാത്ത അങ്ങനെയുള്ള കാലയളവിലേക്ക് ബോർഡിനെ അതി ലംഘിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 25-ാം ഖണ്ഡം, ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന്, ആഡിറ്റർമാരെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 29-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ നേരിടുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 30-ാം ഖണ്ഡം ഗസറ്റുവിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി മുൻകാല പ്രാബല്യത്തോ ടുകൂടിയോ പിൽക്കാലപ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

15. ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങളും പദ്ധതിയോ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ പുറപ്പെടുവിക്കാവുന്നത്, അവ നടപടിക്രമങ്ങളെയോ വിശദാംശങ്ങളെയോ സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന പദ്ധതികളും ചട്ടങ്ങളും, ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

പി. കെ. ഗുരുദാസൻ

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന ചില വാക്കുകളും, പ്രയോഗങ്ങളും നിർവ്വചിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

3-ാം ഖണ്ഡം.—“പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി” എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും ഒരു നിധി രൂപവൽക്കരിക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

4-ാം ഖണ്ഡം.—അംഗങ്ങളുടെയും സർക്കാരിന്റെയും നിധിയിലേക്കുള്ള അംശദായം വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

5-ാം ഖണ്ഡം.—പദ്ധതിയിൽ രൂപഭേദം വരുത്തുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—നിധിയിലേക്കുള്ള അംഗത്വവും, രജിസ്ട്രേഷൻ ഫീസും വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—അംഗത്വം അവസാനിക്കൽ വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—“കേരള പ്രവാസി കേരളീയരുടെ ക്ഷേമബോർഡ്” എന്ന പേരിൽ ഒരു ബോർഡ് രൂപവൽക്കരിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—ഡറക്ടർമാരുടെ ഔദ്യോഗിക കാലാവധി വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—ബില്ലിലെ അനൗദ്യോഗിക ഡയറക്ടർമാരുടെ നീക്കം ചെയ്യൽ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം.—ബോർഡിനെ സഹായിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മറ്റ് ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുടെ നിയമനം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—പദ്ധതിയുടെ ആവശ്യത്തിലേക്കായി പണം കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—ബോർഡ് കമ്പനികളെയും, സഹകരണ സംഘങ്ങളെയും, സംഘങ്ങളെയും മറ്റ് സ്ഥാപനങ്ങളെയും പ്രൊമോട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—സർക്കാരിന്റെ അംഗീകാരത്തോടുകൂടി ജാമ്യക്കാരനായി പ്രവർത്തിക്കാൻ ബോർഡിന് അധികാരം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—കിട്ടാനുള്ള അംശദായം തിട്ടപ്പെടുത്താൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനേയോ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—നിധിയിലേക്കുള്ള അംശദായം ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—ബോർഡിലെ ഡയറക്ടർമാരും മറ്റും പബ്ലിക് സർവന്റു മാരായിരിക്കുമെന്ന് വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—ഒരാൾ, താൻ നൽകേണ്ടതായ തുക നൽകുന്നതിൽ നിന്ന് ഒഴിവായാലുള്ള ശിക്ഷ വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—ബോർഡിന് നഷ്ടപരിഹാരം ഈടാക്കാൻ അധികാരം നൽകി വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—ബോർഡിലെ ഡയറക്ടർമാർ ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന പ്രവൃത്തികൾക്ക് സംരക്ഷണം വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—ബോർഡ് അനുവർത്തിക്കേണ്ടതായ സർക്കാരിന്റെ നിർദ്ദേ ശങ്ങൾ വിനിർദ്ദേശിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—ബോർഡിനെ അതിലംഘനം ചെയ്യാൻ ഉള്ള സർക്കാരിന്റെ അധികാരം വിനിർദ്ദേശിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—ബോർഡിന്റെ കണക്കുകൾ ആഡിറ്റ് ചെയ്യാൻ ആഡിറ്റർമാരെ സർക്കാർ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—വാർഷിക റിപ്പോർട്ടും, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും തയ്യാറാക്കുന്നത് വിനിർദ്ദേശിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—ഈ ആക്റ്റ് അല്ലെങ്കിൽ പദ്ധതി പ്രകാരമോ അതിൻകീഴിലോ സർക്കാരോ, ബോർഡോ അല്ലെങ്കിൽ സർക്കാർ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും പ്രശ്നം തീർപ്പാക്കാനോ തീരുമാനിക്കാനോ ഉള്ള സിവിൽകോടതികളുടെ ആധികാരിതയ്ക്ക് വിലക്ക് ഏർപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—നിലവിലുള്ള ക്ഷേമനിധികളിൽ നിന്നുള്ള സഞ്ചിത തുക കൈമാറുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ വിനിർദ്ദേശിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

29-ാം ഖണ്ഡം.—ആക്റ്റോ, അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ പദ്ധതിയോ, നടപ്പിലാക്കുമ്പോൾ ഏതെങ്കിലും വൈഷമ്യം ഉണ്ടായാൽ അത് നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം. അങ്ങനെയുള്ള എല്ലാ ചട്ടങ്ങളും, നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നുകൂടി ഇത് വ്യവസ്ഥ ചെയ്യുന്നു.